**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3859** **03-03-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ ഉൾനാടൻ ജലഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ, പൂതക്കുളം മേഖലയിലൂടെ കടന്നുപോകുന്ന ജലപാത പ്രയോജനപ്പെടുത്തി ഉൾനാടൻ ജലഗതാഗതം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ജലപാത വികസനത്തിന്റെ ഭാഗമായി ഇരവിപുരം മുതൽ പരവൂർ കായൽ വരെയുള്ള ഡ്രഡ്ജിംഗ് അവസാന ഘട്ടത്തിലാണ്. മണിയംകുളം തോടിനും വർക്കല ടി.എസ്. കനാലിനും ഇടയിലുള്ള ഭാഗം ഡ്രഡ്ജ് ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ജലഗതാഗതം ആരംഭിക്കുന്നതിനായി വർഷങ്ങൾക്ക് മുൻപ് പ്രസ്തുത മേഖലയിൽ നിർമ്മിച്ച വിവിധ കടവുകളിലെ ബോട്ട് ജെട്ടികളുടെ അറ്റകുറ്റപണികൾ നടത്തി നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | പരവൂർ പുതുക്കുളം പഞ്ചായത്തിലെ നെല്ലേറ്റിൽ കടവും ബോട്ടുജെട്ടികളും നവീകരിക്കുന്നതിനായി 16.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വർക്കല ടി.എസ്. കനാൽ അവസാനിക്കുന്നിടത്തു നിന്നും ഇരവിപുരം വരെയുള്ള ബോട്ടുജെട്ടികളുടെ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ